# 057/2024-M

Maximum : 100 marks

Time : 1 hour and 30 minutes

1. താഴെ തന്നിരിക്കുന്നവയിൽ ദാദാഭായ് നവ്റോജിയുമായി ബന്ധമില്ലാത്ത പ്രസ്താവനകൾ ഏതൊക്കെയാണ്?

   (i) ചോർച്ച സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്

   (ii) പോവർട്ടി ആൻഡ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന പുസ്തകം രചിച്ചു

   (iii) ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപകൻ

   (iv) ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെടുന്നു

   (A) (i), (ii) (B) (i), (ii), (iv)

   (C) (iii) (D) ഇവയെല്ലാം ശരിയാണ്

2. "സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഞാനത് നേടുകതന്നെ ചെയ്യും" - എന്ന് പ്രഖ്യാപിച്ച സ്വാതന്ത്ര്യസമര സേനാനി ആരാണ്?

   (A) ബാലഗംഗാധര തിലകൻ (B) ലാലാ ലജ്പത് റായ്

   (C) സുഭാഷ് ചന്ദ്രബോസ് (D) ബിപിൻ ചന്ദ്രപാൽ

3. താഴെ തന്നിരിക്കുന്നവയിൽ 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ പ്രധാന കാരണങ്ങൾ ഏതൊക്കെയാണ്?

   (i) കർഷകരുടെ ദുരിതങ്ങൾ

   (ii) കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം

   (iii) രാജാക്കൻമാരുടെ പ്രശ്നങ്ങൾ

   (iv) ശിപായിമാരുടെ ദുരിതങ്ങൾ

   (A) (i) (B) (ii)

   (C) (iii) (D) ഇവയെല്ലാം ശരിയാണ്

4. ക്വിറ്റ് ഇന്ത്യ സമരനായിക എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെയാണ്?

   (A) മാഡം ബിക്കാജികാമ (B) അരുണാ അസഫലി

   (C) സരോജിനി നായിഡു (D) ആനിബസന്റ്

5. 'ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി' രൂപീകരിച്ചത് ആരാണ്?

   (A) വി.ഡി. സവർക്കർ (B) ഭഗത്സിംഗ്

   (C) സൂര്യസെൻ (D) രാജ്ഗുരു

6. താഴെ കൊടുത്തിരിക്കുന്നവയിൽ മലബാർ കലാപവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഏതൊക്കെയാണ് ?

(i) മാപ്പിള കലാപങ്ങൾ എന്നറിയപ്പെടുന്നു.

(ii) മലബാർ സ്പെഷ്യൽ പോലീസ് എന്ന ഒരു പ്രത്യേക വിഭാഗം പോലീസ് സേനയെ കലാപങ്ങൾ അടിച്ചമർത്താൻ രൂപീകരിച്ചു.

(iii) കലാപങ്ങളെക്കുറിച്ച് പഠിക്കാൻ വില്യം ലോഗൻ കമ്മീഷനെ നിയമിച്ചു.

(iv) ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയമാണ് കലാപത്തിന്റെ കാരണം.

(A) (i), (ii)
(B) (i), (ii), (iii)
(C) (ii), (iii), (iv)
(D) (i), (ii), (iii), (iv)

7. കാലഗണനയനുസരിച്ച് ക്രമപ്പെടുത്തുക :

(i) കുണ്ടറ വിളംബരം

(ii) നിവർത്തന പ്രക്ഷോഭം

(iii) മലയാളി മെമ്മോറിയൽ

(iv) ഗുരുവായൂർ സത്യാഗ്രഹം

(A) (i), (ii), (iii), (iv)
(B) (i), (iv), (ii), (iii)
(C) (i), (iii), (iv), (ii)
(D) (ii), (i), (iv), (iii)

8. ചേരുംപടി ചേർക്കുക :

| നവോത്ഥാന നായകർ | സംഘടനകൾ |
|---|---|
| (1) അയ്യങ്കാളി | (i) സമത്വസമാജം |
| (2) പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ | (ii) സാധുജന പരിപാലന സംഘം |
| (3) വാഗ്ഭടാനന്ദൻ | (iii) പ്രത്യക്ഷ രക്ഷാ ദൈവസഭ |
| (4) വൈകുണ്ഠ സ്വാമികൾ | (iv) ആത്മവിദ്യാസംഘം |

(A) (1) – (ii), (2) – (iii), (3) – (iv), (4) – (i)
(B) (1) – (i), (2) – (ii), (3) – (iii), (4) – (iv)
(C) (1) – (iii), (2) – (i), (3) – (ii), (4) – (iv)
(D) (1) – (iv), (2) – (i), (3) – (iii), (4) – (ii)

9. താഴെ കൊടുത്തിരിക്കുന്നവയിൽ ചട്ടമ്പി സ്വാമികൾ രചിച്ച കൃതിയേത്?

(A) ദർശനമാല
(B) വേദാധികാര നിരൂപണം
(C) ആത്മോപദേശ ശതകം
(D) ദൈവദശകം

10. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏതൊക്കെയാണ്?

(i) സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന ആദ്യ പ്രക്ഷോഭം.

(ii) ടി.കെ. മാധവൻ നേതൃത്വം നൽകി.

(iii) എ.കെ. ഗോപാലൻ വളണ്ടിയർ ക്യാപ്റ്റൻ ആയിരുന്നു.

(iv) മന്നത്തു പത്മനാഭൻ സവർണജാഥ നയിച്ചു.

(A) (i), (iv)
(B) (i), (ii), (iv)
(C) (i), (iii)
(D) ഇവയെല്ലാം ശരിയാണ്

11. ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്ന വർഷം ഏതാണ്?

(A) 1950 നവംബർ 26
(B) 1947 ആഗസ്റ്റ് 15
(C) 1950 ജനുവരി 26
(D) 1949 നവംബർ 26

12. 6 മുതൽ 14 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം മൗലികാവകാശമായത് ഏത് ഭരണഘടനാ ഭേദഗതിയിലൂടെയാണ്?

(A) 44th ഭേദഗതി 1978
(B) 86th ഭേദഗതി 2002
(C) 42th ഭേദഗതി 1976
(D) 61th ഭേദഗതി 1989

13. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്തിലാണ് മൗലിക കടമകളെക്കുറിച്ച് പ്രതിപാദിക്കുന്നത്?

(A) ഭാഗം III
(B) ഭാഗം IV
(C) ഭാഗം IV A
(D) ഭാഗം V

14. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) സ്വത്തവകാശം
(B) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
(C) സമത്വത്തിനുള്ള അവകാശം
(D) സ്വാതന്ത്ര്യത്തിനുള്ള അവകാശം

15. താഴെ കൊടുത്തിരിക്കുന്നവയിൽ എഴുതപ്പെടാത്ത ഭരണഘടനയുള്ളത് ഏത് രാജ്യത്തിനാണ്?

(A) ബ്രിട്ടൺ
(B) ബ്രസിൽ
(C) ഇന്ത്യ
(D) ആസ്ട്രേലിയ

16. ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആരാണ്?

(A) ജസ്റ്റിസ് സഞ്ജയ് കിഷൺ കൗൾ
(B) ജസ്റ്റിസ് സഞ്ജീവ് ഖന്ന
(C) ജസ്റ്റീസ് സൂര്യകാന്ത്
(D) ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്

17. നിലവിലെ ലോക് സഭ സ്പീക്കർ ആരാണ്?

(A) വെങ്കയ്യ നായിഡു
(B) ഓം ബിർല
(C) മീരാ കുമാർ
(D) സുമിത്രാ മഹാജൻ

18. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ വി.പി. മേനോനെക്കുറിച്ച് ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?

(a) സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനവുമായി ബന്ധപ്പെട്ട സ്റ്റേറ്റ്സ് ഡിപാർട്ട്മെന്റിന്റെ സെക്രട്ടറിയായിരുന്ന മലയാളി.
(b) ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന പുനസ്സംഘടനാ കമ്മീഷനിലെ അംഗം.
(c) 'ദി ട്രാൻസ്ഫർ ഓഫ് പവർ ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.
(d) 1952-ൽ അസ്സമിൽ ഗവർണറായി ചുമതലയേറ്റു.

(A) (c) മാത്രം
(B) (a) ഉം (c) ഉം
(C) (a) മാത്രം
(D) (c) ഉം (d) ഉം

19. താഴെ തന്നിരിക്കുന്നവയിൽ 1961 വരെ പോർട്ടുഗലിന്റെ അധീനതയിൽ ആയിരുന്ന പ്രദേശം ഏത് ?

(A) ഗോവ
(B) പോണ്ടിച്ചേരി
(C) കാരക്കൽ
(D) മാഹി

20. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രമായ തുമ്പ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ ശില്പി ആര്?

(A) ഹോമി. ജെ. ഭാഭ
(B) വിക്രം സാരാഭായ്
(C) ജവഹർലാൽ നെഹ്റു
(D) ഡോ. രാജാരാമണ്ണ

21. ഏത് രാജ്യത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് 1964 ൽ ബൊക്കാറോ സ്റ്റീൽ പ്ലാന്റ് എന്ന ഇരുമ്പുരുക്കുശാല ആരംഭിച്ചത്?

(A) ജർമ്മനി
(B) ബ്രിട്ടൺ
(C) റഷ്യ
(D) ഫ്രാൻസ്

22. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ടത്?

(A) മാനവശേഷി വികസനം
(B) മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക
(C) മുഴുവൻ ജനവിഭാഗങ്ങളുടെയും സമഗ്രവികസനം
(D) സുസ്ഥിര വികസനം

**23.** താഴെ പറയുന്നവയിൽ കേരള സർക്കാറിന്റെ ഇ-ഗവേണൻസ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ആയ 'സഞ്ചയ' നൽകുന്ന സേവനങ്ങൾ ഏവ?

(A) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

(B) കെട്ടിട വയസ്സ് സർട്ടിഫിക്കറ്റ്

(C) കെട്ടിട നികുതി അടയ്ക്കൽ

(D) മുകളിൽ പറഞ്ഞവ എല്ലാം

**24.** റോഡ് അപകടങ്ങൾ കുറയ്ക്കാനും, ഗതാഗത നിയമലംഘനം തടയാനും സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് AI അധിഷ്ഠിത ക്യാമറകൾ സ്ഥാപിച്ച പദ്ധതി?

(A) ശൈലി ആപ്പ്

(B) സേഫ് കേരള

(C) തുണ

(D) നിർഭയം

**25.** ഇന്ത്യൻ ഉപദ്വീപീയ പീഠഭൂമിയിൽ നിന്നും ഉത്ഭവിക്കുന്ന നദികളാണ് ഉപദ്വീപീയ നദികൾ. താഴെ നൽകിയിരിക്കുന്നവയിൽ പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ ഏതെല്ലാം?

(i) കാവേരി, കൃഷ്ണ

(ii) നർമ്മദ, താപ്തി

(iii) ഗോദാവരി, മഹാനദി

(iv) മഹാനദി, കൃഷ്ണ

(A) (i), (ii) മാത്രം

(B) (ii) മാത്രം

(C) (iv) മാത്രം

(D) (iii), (iv) മാത്രം

**26.** ചാന്ദ്രയാൻ I ന്റെ പ്രോജക്ട് ഡയറക്ടർ ആണ് അണ്ണാദുരെ, എന്നാൽ ചാന്ദ്രയാൻ III ന്റെ പ്രോജക്ട് ഡയറക്ടർ :

(A) ഡോ. പി. വീരമുത്തുവേൽ

(B) ജി. മാധവൻ നായർ

(C) എസ്. സ്വാമിനാഥ്

(D) കെ. ശിവൻ

**27.** താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

കേരളത്തിൽ ഏലം വിളയുടെ വളർച്ചക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകം

(A) 50 cm താഴെ മഴ

(B) 50°C മുകളിൽ ചൂട്

(C) നീർവാർച്ചയുള്ള മണ്ണ്

(D) ലാറ്ററേറ്റ് മണ്ണ്

**28.** അറബിക്കടലുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിൽ ഉൾപ്പെടാത്തത് :

(A) ഗോവ

(B) ആന്ധ്രാപ്രദേശ്

(C) മഹാരാഷ്ട്ര

(D) ഗുജറാത്ത്

29. ഇന്ത്യയുടെ അക്ഷാംശ സ്ഥാനം :

(A) 68°7′ കിഴക്ക് – 97°25′ കിഴക്ക്
(B) 68°7′ വടക്ക് – 97°25′ വടക്ക്
(C) 8°4′ വടക്ക് – 37°6′ വടക്ക്
(D) 8°4′ കിഴക്ക് – 37°6′ കിഴക്ക്

30. ഗംഗ നദിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന :

(A) മാനസസരോവർ തടാകത്തിൽ നിന്ന് ഉത്ഭവം
(B) അറബിക്കടലിൽ പതിക്കുന്നു
(C) 2900 കി.മീ. നീളം
(D) ഗാങ്ടോക്ക് ഗംഗയുടെ പോഷകനദിയാണ്

31. വെള്ളവും വളവും കണികാരൂപത്തിൽ ഡ്രിപ്പറുകളിലൂടെ നൽകുന്ന രീതി:

(A) ഹൈഡ്രോ പോണിക്സ്
(B) ഹരിത ഗൃഹ കൃഷി
(C) കൃത്യതി കൃഷി
(D) ഫെർട്ടിഗേഷൻ

32. മൺസൂണിന്റെ പിൻവാങ്ങൽക്കാലം എന്നറിയപ്പെടുന്നത് :

(A) വടക്ക് കിഴക്കൻ മൺസൂൺക്കാറ്റുകൾ
(B) തെക്ക് പടിഞ്ഞാൻ മൺസൂൺക്കാറ്റുകൾ
(C) തെക്ക് കിഴക്കൻ മൺസൂൺക്കാറ്റുകൾ
(D) വടക്ക് പടിഞ്ഞാൻ മൺസൂൺക്കാറ്റുകൾ

33. താഴെ തന്നിരിക്കുന്ന പ്രസ്താവനയിൽ ശരിയല്ലാത്തതേത്?

(A) നിള എന്ന പേരിൽ അറിയപ്പെടുന്നത് ഭാരതപ്പുഴയാണ്
(B) കേരളത്തിലെ ഏറ്റവും നീളമുള്ള നദി ഭാരതപ്പുഴ
(C) ഭാരതപ്പുഴ ആനമലയിൽ നിന്ന് ഉത്ഭവിക്കുന്നു
(D) മാമാങ്കം നടക്കുന്നത് ഭാരതപ്പുഴയുടെ തീരത്ത്

34. 2023 ലെ വയലാർ അവാർഡ് ശ്രീകുമാരൻതമ്പിക്ക് നേടിക്കൊടുത്ത കൃതി?

(A) മാന്തളിരിലെ കമ്മ്യൂണിസ്റ്റ് വർഷങ്ങൾ
(B) ജീവിതം ഒരു പെൻഡുലം
(C) പ്രാണവായു
(D) മീശ

35. ഐക്യരാഷ്ട്ര സംഘടന 2023 ഏത് വർഷമായി ആചരിക്കുന്നു?

(A) ചെറുധാന്യ വർഷം
(B) പയറു വർഷം
(C) മണ്ണ് വർഷം
(D) ഒട്ടക വർഷം

**36.** പെരിയാറിന്റെ പോഷകനദികൾ ഏതെല്ലാം?

(1) മുതിരം പുഴ

(2) പെരുഞ്ചാം കുട്ടിയാർ

(3) തൊടുപുഴയാർ

(4) കട്ടപ്പനയാർ

(A) (1), (2)
(B) (2), (3), (4)
(C) (1), (2), (4)
(D) ഇവയെല്ലാം

**37.** ചേരുംപടി ചേർക്കുക :

| പട്ടിക 1 (വന്യജീവി സങ്കേതം) | പട്ടിക 2 (ജില്ല) |
|---|---|
| 1. നെയ്യാർ | (i) തിരുവനന്തപുരം |
| 2. ചെന്തുരുണി | (ii) കൊല്ലം |
| 3. കരിമ്പുഴ | (iii) മലപ്പുറം |
| 4. കൊട്ടിയൂർ | (iv) കണ്ണൂർ |

(A) 1 – (i), 2 – (ii), 3 – (iii), 4 – (iv)
(B) 1 – (ii), 2 – (iii), 3 – (iv), 4 – (i)
(C) 1 – (iii), 2 – (iv), 3 – (i), 4 – (ii)
(D) 1 – (iv), 2 – (i), 3 – (ii), 4 – (iii)

**38.** 2023 ലെ വൈദ്യശാസ്ത്ര നോബൽ സമ്മാന ജേതാക്കളായ ഡോ. കാറ്റലിൻ കാരിക്കോ, ഡോ. ഡ്രു വൈസ്മാൻ എന്നിവർക്ക് എന്തിനുള്ള കണ്ടുപിടിത്തത്തിനാണ് സമ്മാനം ലഭിച്ചത്?

(A) ആറ്റോ സെക്കന്റ്ഡ് പൾസസ് സൃഷ്ടിച്ചതിന്

(B) പാമിയോ ജീനോമിറ്റ്സ്

(C) എം.ആർ.എൻ.എ. വാക്സിൻ വികസിപ്പിച്ചതിന്

(D) ക്വാണ്ടം എന്റാംഗിൾമെന്റ്

**39.** ഇരവികുളം ദേശീയോദ്യാനവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക :

(i) കേരളത്തിലെ ആദ്യത്തെ ദേശീയ ഉദ്യാനം

(ii) വരയാടുകളുടെ സംരക്ഷണ കേന്ദ്രം

(iii) 1978 ൽ നിലവിൽ വന്നു

(iv) തേക്കടി വന്യജീവി സങ്കേതം എന്ന പേരിലറിയപ്പെടുന്നു

(A) (i) മാത്രം
(B) (ii), (iii) മാത്രം
(C) (i), (ii) മാത്രം
(D) (iv) മാത്രം

40. കേരളത്തിലെ ആദ്യത്തെ ശുചിത്വ പഞ്ചായത്ത് ഏത്?

(A) പോത്തുകൽ
(B) കോട്ടക്കൽ
(C) കുളത്തൂർ
(D) പള്ളിക്കൽ

41. തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചിരിക്കുന്ന കായൽ :

(A) അഷ്ടമുടികായൽ
(B) വേമ്പനാട്ടുകായൽ
(C) ശാസ്താംകോട്ട കായൽ
(D) വെള്ളായിനി കായൽ

42. മുതിരപ്പുഴയാറിൽ സ്ഥിതിചെയ്യുന്ന കേരളത്തിലെ ജലവൈദ്യുത നിലയങ്ങൾ ഏതെന്ന് താഴെ കൊടുത്തവയിൽ നിന്നും കണ്ടെത്തുക :

(i) പള്ളിവാസൽ, ചെങ്കുളം
(ii) പെരിങ്ങൽക്കൂത്ത്, പന്നിയാർ
(iii) ശബരിഗിരി, ഷോളയാർ
(iv) കല്ലട, മണിയാർ

(A) (i) മാത്രം
(B) (ii), (iii) മാത്രം
(C) (iii) മാത്രം
(D) (iv) മാത്രം

43. കേരളത്തിലെ തീരപ്രദേശത്തിന്റെ പ്രത്യേകത/കൾ താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ നിന്ന് ശരിയായത് കണ്ടെത്തുക :

(i) ഉപ്പ് രസമുള്ള എക്കൽമണ്ണ്
(ii) സഹ്യപർവ്വതനിരയുടെ ഭാഗം
(iii) റബ്ബർ ധാരാളമായി കൃഷിചെയ്യുന്ന സ്ഥലം
(iv) സമുദ്രനിരപ്പിൽ നിന്ന് ഉയർന്ന പ്രദേശം

(A) (iv), (iii) മാത്രം
(B) (iii), (ii) മാത്രം
(C) (i) മാത്രം
(D) (iii) മാത്രം

44. ഇന്ത്യയിൽ വിദ്യാലയങ്ങളിലെ 'ഉച്ച ഭക്ഷണ പദ്ധതി' ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം :

(A) കർണാടക
(B) ആന്ധ്രാപ്രദേശ്
(C) തമിഴ്നാട്
(D) മഹാരാഷ്ട്ര

45. താഴെ എഴുതിയവയിൽ നിന്നും ശരിയായ ജോഡി തിരഞ്ഞെടുക്കുക :

(A) കത്തിയവാർ - പീഠഭൂമി
(B) സുന്ദർവൻ - ഡൽറ്റ
(C) ആരവല്ലി - ഉപദ്വീപ്
(D) ഹൂഗ്ലി - പർവ്വതം

46. ഡിസംബർ 1 ന് ദുബായിൽ നടന്ന COP 28 ഉച്ചകോടി ഏത് വിഷയവുമായി ബന്ധപ്പെട്ടതാണ്?

(A) മനുഷ്യാവകാശം
(B) യുദ്ധക്കെടുതികൾ
(C) ദാരിദ്ര്യ നിർമാർജനം
(D) കാലാവസ്ഥ വ്യതിയാനം

47. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുന്ന മൗലിക കർത്തവ്യങ്ങളുടെ എണ്ണം :

(A) 11
(B) 13
(C) 12
(D) 10

48. കേരളത്തിലെ ആദ്യ തീവണ്ടിയാത്ര ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചായിരുന്നു?

(A) കൊല്ലം - തിരുവനന്തപുരം
(B) കൊച്ചി - കൊല്ലം
(C) ഷൊർണൂർ - തിരൂർ
(D) തിരൂർ - ബേപ്പൂർ

49. ലാക്ടോ മീറ്റർ താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ആസിഡ്
(B) ജലം
(C) പാൽ
(D) മർദ്ദം

50. യു.കെ., ഇന്ത്യ, കെനിയ - ഈ മൂന്നു രാജ്യങ്ങളുടെ പ്രത്യേകത എന്ത്?

(A) ആഫ്രിക്കൻ രാജ്യങ്ങൾ
(B) കോമൺവെൽത്ത് രാജ്യങ്ങൾ
(C) ജി 7 രാജ്യങ്ങൾ
(D) നാറ്റോ രാജ്യങ്ങൾ

51. ഹരിത ഗൃഹ വാതകങ്ങളിൽ പെടാത്തത് ഏത്?

(A) $CO_2$
(B) മീഥേൻ
(C) നൈട്രസ് ഓക്സൈഡ്
(D) നൈട്രജൻ

52. INA യുമായി ബന്ധപ്പെട്ട നേതാക്കൾ ആരെല്ലാം?

(A) സുഭാഷ് ചന്ദ്ര ബോസ്, ക്യാപ്റ്റൻ ലക്ഷ്മി
(B) റാഷ് ബിഹാരി ബോസ്, ഭഗത്സിംഗ്
(C) ലാലാ ഹർദയാൽ, സരോജിനി നായിഡു
(D) സുഭാഷ് ചന്ദ്ര ബോസ്, രാജ്ഗുരു

53. അസ്ഥികളുടെ ആരോഗ്യത്തിന് അത്യന്താപേഷിതമായ ജീവകം/വിറ്റാമിൻ ഏത്? അതിന്റെ കുറവ് മൂലമുണ്ടാകുന്ന രോഗം തിരിച്ചറിയുക :

(A) ജീവകം A, നിശാന്ധത
(B) ജീവകം C, സ്കർവി
(C) ജീവകം D, കണ
(D) ജീവകം B, വായ്പുണ്ണ്

**54.** വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിവ കേരളത്തിലെ ഏത് കാർഷിക വിളയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) നെല്ല്
(B) കുരുമുളക്
(C) തെങ്ങ്
(D) വാഴ

**55.** കേരളത്തിലെ കടുവാ സംരക്ഷണ കേന്ദ്രങ്ങളിലൊന്നാണ് :

(A) സൈലന്റ് വാലി
(B) മതികെട്ടാൻ ചോല
(C) ഇരവികുളം
(D) പറമ്പികുളം

**56.** താഴെ നല്കിയിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായവ ഏതെല്ലാം എന്ന് കണ്ടെത്തുക :

(i) മനുഷ്യ ശരീരത്തിൽ പദാർത്ഥസംവഹനം നടത്തുന്നത് രക്തപര്യയന വ്യവസ്ഥയാണ്
(ii) രക്തപര്യയന വ്യവസ്ഥയിലെ പ്രധാന ഭാഗങ്ങളാണ് ഹൃദയവും രക്തകുഴലുകളും
(iii) മനുഷ്യശരീരത്തിലെ വിവിധ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നത് നാഡീവ്യവസ്ഥയാണ്
(iv) നാഡീവ്യവസ്ഥയുടെ പ്രധാന ഭാഗങ്ങളാണ് വൃക്കകളും കരളും

(A) (i), (ii), (iii) ശരി, (iv) തെറ്റ്
(B) (i), (ii), ശരി, (iii), (iv) തെറ്റ്
(C) (i), (ii), (iii) തെറ്റ്, (iv) ശരി
(D) (i), (ii), (iii), (iv) ശരി

**57.** 2023 - ൽ കേരളത്തിൽ നിപ രോഗം റിപ്പോർട്ട് ചെയ്ത ജില്ലയേത്?

(A) പാലക്കാട്
(B) വയനാട്
(C) കോഴിക്കോട്
(D) കണ്ണൂർ

**58.** പരിസ്ഥിതി സൗഹാർദ്ദപരമായ കീടനിയന്ത്രണ മാർഗ്ഗങ്ങളിൽ ഉൾപെടാത്തത് ഏത്?

(A) മിത്രകീടങ്ങൾ
(B) ഉറമ്പുപൊടി
(C) വേപ്പിൻ കുരു സത്ത്
(D) വെളുത്തുള്ളി മിശ്രിതം

**59.** വേരുകൾ വായുവിലേക്ക് വളരുന്ന രീതിയിൽ സസ്യങ്ങളെ വളർത്തി പോഷകലായനികൾ വേരിലേക്ക് സ്പ്രേ ചെയ്യുന്ന കൃഷിരീതിയാണ് :

(A) എയ്റോപോണിക്സ്
(B) ഹൈഡ്രോപോണിക്സ്
(C) പോളിഹൗസ് ഫാമിങ്
(D) പ്രിസിഷൻ ഫാമിങ്

**60.** ദൃശ്യപ്രകാശം അതിന്റെ ഘടകവർണങ്ങളായി വേർതിരിയുന്ന പ്രതിഭാസം ഏത്?

(A) അപവർത്തനം
(B) പ്രകീർണനം
(C) പ്രതിപതനം
(D) വിസരണം

61. ആറ്റത്തെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായത്/ശരിയായവ കണ്ടെത്തുക :

(i) ആറ്റത്തിന്റെ കേന്ദ്രഭാഗം നൂക്ലിയസ് എന്നറിയപ്പെടുന്നു

(ii) ഇലക്ട്രോണുകൾ ന്യൂക്ലിയസിൽ കാണപ്പെടുന്നു

(iii) ആറ്റത്തിലെ പോസിറ്റീവ് ചാർജുള്ള കണമാണ് പ്രോട്ടോൺ

(A) (i) & (ii)
(B) (i) & (iii)
(C) (i) മാത്രം
(D) (i), (ii) & (iii)

62. താഴെ കൊടുത്തിരിക്കുന്നവയിൽ ഹൈഡ്രജൻ വാതകം ഉണ്ടാകുന്നത് ഏത് സന്ദർഭത്തിലാണ്?

(A) ഹൈഡ്രോക്ലോറിക് ആസിഡ് സിങ്ക് ലോഹവുമായി പ്രവർത്തിക്കുമ്പോൾ
(B) ഹൈഡ്രോക്ലോറിക് ആസിഡ് കാൽസ്യം കാർബണേറ്റുമായി പ്രവർത്തിക്കുമ്പോൾ
(C) ഹൈഡ്രോക്ലോറിക് ആസിഡ് സോഡിയം നൈട്രേറ്റുമായി പ്രവർത്തിക്കുമ്പോൾ
(D) ഹൈഡ്രോക്ലോറിക് ആസിഡ് സോഡിയം ഹൈഡ്രോക്സൈഡുമായി പ്രവർത്തിക്കുമ്പോൾ

63. ഇരുമ്പിന്റെ അയിര് ഏത്?

(A) ബോക്സൈറ്റ്
(B) കുപ്രൈറ്റ്
(C) കലാമിൻ
(D) ഹേമറ്റൈറ്റ്

64. പാരപ്പെറ്റിൽ വച്ചിരിക്കുന്ന ഒരു ചെടിച്ചട്ടി താഴേക്ക് പതിക്കുമ്പോൾ അതിനുണ്ടാകുന്ന ഊർജമാറ്റം എന്ത്?

(A) ഗതികോർജവും സ്ഥിതികോർജവും ഒരു പോലെ വർധിക്കുന്നു
(B) ഗതികോർജവും സ്ഥിതികോർജവും ഒരു പോലെ കുറയുന്നു
(C) ഗതികോർജം വർധിക്കുന്നു സ്ഥിതികോർജം കുറയുന്നു
(D) ഗതികോർജം കുറയുന്നു സ്ഥിതികോർജം വർധിക്കുന്നു

65. ഇന്ത്യയുടെ ഏറ്റവും പുതിയ യുദ്ധക്കപ്പൽ ആയ ഐ എൻ എസ് മഹേന്ദ്രഗിരിക്ക് ഇന്ത്യയിലെ ഏത് സംസ്ഥാനത്തെ മലനിരകളുടെ പേരാണ് നൽകിയിരിക്കുന്നത്?

(A) ആന്ധ്രപ്രദേശ്
(B) കർണാടക
(C) ഒഡീഷ
(D) തമിഴ്നാട്

66. 2023 വനിതാ ഫുട്ബോൾ ലോകകപ്പ് ചാമ്പ്യൻമാരായ രാജ്യം :

(A) ഇംഗ്ലണ്ട്
(B) സ്പെയിൻ
(C) ന്യൂസിലാന്റ്
(D) നോർവെ

67. താഴെ തന്നിരിക്കുന്നവയിൽ വിസർജനാവയവം അല്ലാത്തത് ഏത്?

(A) വൃക്ക
(B) ഹൃദയം
(C) ത്വക്ക്
(D) ശ്വാസകോശം

68. ചുവടെ കൊടുത്തിരിക്കുന്നവയിൽ വൈറസ് മൂലം ഉണ്ടാകുന്ന രോഗം ഏത്?

(A) എയ്ഡ്സ്
(B) എലിപ്പനി
(C) ഡിഫ്തീരിയ
(D) ക്ഷയം

69. പുകവലി മൂലം ശ്വാസകോശത്തിലെ വായു അറകളുടെ ഇലാസ്തികത നഷ്ടപ്പെട്ട് അവ പൊട്ടുകയും, വൈറ്റൽ കപ്പാസിറ്റി കുറയുകയും ചെയ്യുന്ന രോഗാവസ്ഥ :

(A) ശ്വാസകോശാർബുദം
(B) പക്ഷാഘാതം
(C) ബ്രോങ്കൈറ്റിസ്
(D) എംഫിസീമ

70. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുഷ്ഠരോഗ നിർമാർജനത്തിന് കേരള ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതി :

(A) ഹൃദ്യം
(B) എൽസ (ELSA)
(C) താലോലം
(D) സുകൃതം

71. 2023 – ലെ പരിസ്ഥിതി ദിന സന്ദേശം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

(A) ഒരോയൊരു ഭൂമി
(B) പരിസ്ഥിതി പുനഃസ്ഥാപനം
(C) പ്രകൃതിയ്ക്കായി ഈ സമയം
(D) പ്ലാസ്റ്റിക് മലിനീകരണം ചെറുക്കുക

72. ദഹനഫലമായി പ്രോട്ടീൻ വിഘടിച്ച് ഉണ്ടാകുന്ന ലഘുഘടകം ഏതാണ്?

(A) ഗ്ലൂക്കോസ്
(B) ഗ്ലിസറോൾ
(C) അമിനോ ആസിഡ്
(D) ഫാറ്റി ആസിഡ്

73. കാൽവിരലുകൾക്കിടയിലും പാദങ്ങളിലും ചൊറിച്ചിലുണ്ടാക്കുന്ന 'അത്ലറ്റ്സ് ഫൂട്ട്' എന്ന രോഗത്തിന് കാരണമായ സൂക്ഷ്മജീവി ഏത്?

(A) ബാക്ടീരിയ
(B) ഫംഗസ്
(C) വൈറസ്
(D) പ്രോട്ടോസോവ

74. പ്രമേഹം എന്ന രോഗത്തിന് കാരണമാകുന്നത് ഏത് ഹോർമോണിന്റെ ഉൽപാദനം കുറയുന്നതാണ്?

(A) ഇൻസുലിൻ
(B) ഗ്ലൂക്കഗോൺ
(C) തൈറോക്സിൻ
(D) മെലാടോണിൻ

75. 18 വയസിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്ന പദ്ധതി :

(A) സ്നേഹപൂർവ്വം
(B) സമാശ്വാസം
(C) ആരോഗ്യകിരണം
(D) ആശാധാര

76. ഇന്ത്യയിലെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി പ്രഖ്യാപിച്ച കുടുംബാരോഗ്യകേന്ദ്രം എവിടെയാണ്?

(A) മൊറയൂർ - മലപ്പുറം
(B) വരദൂർ - വയനാട്
(C) വടശ്ശേരിക്കര - പത്തനംതിട്ട
(D) കക്കോടി - കോഴിക്കോട്

77. 2023 സെപ്റ്റംബറിൽ അന്തരിച്ച ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെട്ട പ്രശസ്തനായ കാർഷിക ശാസ്ത്രജ്ഞൻ :

(A) ഡോ. വർഗീസ് കുര്യൻ
(B) ഡോ. എം.എസ്. സ്വാമിനാഥൻ
(C) ഡോ. നോർമൻ സി ബോർലോഗ്
(D) ഡോ. സഞ്ജയ രാജാറാം

78. ഹൃദയത്തെ ആവരണം ചെയ്തു കാണുന്ന ഇരട്ട സ്തരം ഏതാണ് ?

(A) പ്ലൂറ
(B) മെനിഞ്ജസ്
(C) സൈനോവിയൽ സ്തരം
(D) പെരികാർഡിയം

79. ക്ഷയരോഗബാധ തടയുന്നതിന് ഉപയോഗിക്കുന്ന പ്രതിരോധ വാക്സിൻ ഏത്?

(A) ഒ.പി.വി.
(B) പെന്റാ വാലന്റ്
(C) ബി.സി.ജി.
(D) എം.എം.ആർ.

80. ഇന്ത്യയിലെ ആദ്യത്തെ മണ്ണ് മ്യൂസിയം (സോയിൽ മ്യൂസിയം) സ്ഥിതി ചെയ്യുന്ന ജില്ല :

(A) തിരുവനന്തപുരം
(B) ഇടുക്കി
(C) കണ്ണൂർ
(D) ആലപ്പുഴ

81. ഒരാൾ 650 രൂപയ്ക്ക് വാങ്ങിയ തേങ്ങകൾ 598 രൂപയ്ക്ക് വിൽക്കുന്നു. നഷ്ടശതമാനം എത്ര?

(A) 4%
(B) 8%
(C) 12%
(D) 9%

82. $18 \div (2 \times 18 \div 6 - 5)$ എത്ര?

(A) 18
(B) $\frac{1}{2}$
(C) 9
(D) 8

83. ഒരു ബസിന്റെ വേഗത 52 കി.മീ./മണിക്കൂർ ആയാൽ 6 മണിക്കൂറിൽ ബസ് സഞ്ചരിക്കുന്ന ദൂരം എത്ര?

(A) 321 കി.മീ.
(B) 120 കി.മീ.
(C) 312 കി.മീ.
(D) 300 കി.മീ.

84. 1 മുതൽ 9 വരെയുള്ള സംഖ്യകളുടെ തുകയെത്ര?

(A) 54
(B) 55
(C) 45
(D) 50

85. കൂട്ടത്തിൽ പെടാത്തതേത്?

(A) ത്രികോണം
(B) സമചതുരം
(C) ചതുരം
(D) ലംബകം

86. ഒരു സമചതുരത്തിന്റെ പരപ്പളവ് 289 ചതുരശ്രമീറ്റർ ആയാൽ ഒരു വശം എത്ര?

(A) 19 മീറ്റർ
(B) 38 മീറ്റർ
(C) 17 മീറ്റർ
(D) 18 മീറ്റർ

87. മകന്റെ പ്രായത്തിന്റെ മൂന്നിരട്ടിയാണ് ഇപ്പോൾ അച്ഛന്റെ പ്രായം. 10 വർഷം കഴിഞ്ഞ് മകന്റെ പ്രായത്തിന്റെ ഇരട്ടിയാകും അച്ഛന്റെ പ്രായം എങ്കിൽ മകന്റെ ഇപ്പോഴത്തെ പ്രായം എത്ര?

(A) 30
(B) 20
(C) 10
(D) 15

88. 2, 4, 5 എന്നീ സംഖ്യകൾ കൊണ്ട് പൂർണ്ണമായി ഹരിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യയേത്?

(A) 40 (B) 30

(C) 45 (D) 20

89. 9 : 3 : : 64 : ____

(A) 4 (B) 16

(C) 3 (D) 8

90. ക്രമമായി പൂരിപ്പിക്കുക :

2, 5, 8, ___

(A) 3 (B) 11

(C) 10 (D) 12

91. $\frac{1}{10} = 0.1$ ആയാൽ $\frac{10}{100}$ ന്റെ ദശാംശ രൂപം ഏത്?

(A) 0.01 (B) 0.1

(C) 0.10 (D) 0.001

92. മാർക്കുകളുടെ ശരാശരി എത്ര?

52, 62, 32, 42, 22

(A) 32 (B) 52

(C) 20.5 (D) 42

93. $\frac{1}{2} + \frac{3}{4} - 1$ ന്റെ വില എത്ര ?

(A) 1 (B) 0

(C) $\frac{1}{4}$ (D) $\frac{1}{2}$

94. $\frac{15}{P} = 3$ ആയാൽ $P$ എത്ര?

(A) 45 (B) 5

(C) 12 (D) 8

**95.** ഒരു വരിയിൽ ദിയ മുന്നിൽ നിന്ന് എട്ടാമതും പിന്നിൽ നിന്ന് അഞ്ചാമതും ആണെങ്കിൽ ആ വരിയിൽ ആകെ എത്ര പേരുണ്ട്?

(A) 12 (B) 13

(C) 10 (D) 14

**96.** മൂന്നിന്റെ ഗുണിതമായി വരുന്ന ഏറ്റവും ചെറിയ മൂന്നക്ക എണ്ണൽ സംഖ്യ ഏത്?

(A) 101 (B) 100

(C) 102 (D) 109

**97.** $5^2 = 25$ ആയാൽ $(0.5)^2$ എത്ര?

(A) 25.0 (B) 2.5

(C) 0.025 (D) 0.25

**98.** 8 രൂപ കൂടി കിട്ടിയാൽ രാജുവിന് 100 രൂപ തികയ്ക്കാമായിരുന്നു. എങ്കിൽ രാജുവിന്റെ കൈയ്യിൽ എത്ര രൂപയുണ്ട്?

(A) 108 (B) 90

(C) 102 (D) 92

**99.** പാറ്റേൺ നോക്കി പൂരിപ്പിക്കുക :

$1\times3 = 2^2 - 1$

$2\times4 = 3^2 - 1$

$3\times5 = 4^2 - 1$

$10\times12 = ____ - 1$

(A) $11^2$ (B) $10^2$

(C) $9^2$ (D) $12^2$

**100.** 11 cm നീളവും 8 cm വീതിയും ഉള്ള ഒരു ചതുരത്തിന്റെ പരപ്പളവ് എത്ര?

(A) 88 (B) 19

(C) 30 (D) 38

SPACE FOR ROUGH WORK

SPACE FOR ROUGH WORK

**FINAL ANSWER KEY**
**Question Paper Code:057/2024-M**
**Question Paper Medium:Malayalam**
**Category Code:101/2023,272/2023,274/2023,448/2023,451/2023,472/2023,481/2023,519/2023,**
**Name Of Post & Department:Kavadi, Security Guard Grade II, Ayah, LGS,Peon/Watchman, Office**
**Date Of Test:14-May-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | D | A | B |
| 2 | A | C | B | C |
| 3 | D | A | B | B |
| 4 | B | B | C | C |
| 5 | C | B | B | A |
| 6 | D | C | C | A |
| 7 | C | B | A | D |
| 8 | A | C | A | B |
| 9 | B | A | D | C |
| 10 | B | A | B | A |
| 11 | C | D | C | D |
| 12 | B | B | A | B |
| 13 | C | C | D | C |
| 14 | A | A | B | D |
| 15 | A | D | C | C |
| 16 | D | B | D | A |
| 17 | B | C | C | B |
| 18 | B | B | C | D |
| 19 | A | C | D | D |
| 20 | B | D | D | B |
| 21 | C | D | B | B |
| 22 | D | B | B | A |
| 23 | D | B | A | B |
| 24 | B | A | B | C |
| 25 | B | B | X | A |
| 26 | A | C | D | B |
| 27 | C | X | A | B |
| 28 | B | D | B | A |
| 29 | C | A | B | C |
| 30 | X | B | A | A |
| 31 | D | B | C | C |
| 32 | A | A | A | D |
| 33 | B | C | C | A |
| 34 | B | A | D | B |
| 35 | A | C | A | A |
| 36 | C | D | B | C |
| 37 | A | A | A | B |
| 38 | C | B | C | A |
| 39 | D | A | B | C |
| 40 | A | C | A | B |
| 41 | B | B | C | C |
| 42 | A | A | B | X |
| 43 | C | C | C | D |
| 44 | C | D | D | B |
| 45 | B | A | C | D |
| 46 | D | D | B | A |
| 47 | A | C | D | C |
| 48 | D | B | A | B |
| 49 | C | D | C | D |
| 50 | B | A | B | A |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | D | C | D | D |
| 52 | A | B | A | C |
| 53 | C | D | A | C |
| 54 | A | A | C | B |
| 55 | D | C | B | A |
| 56 | A | B | A | C |
| 57 | C | A | C | A |
| 58 | B | C | A | D |
| 59 | A | A | D | A |
| 60 | B | A | D | C |
| 61 | B | D | C | C |
| 62 | A | C | C | B |
| 63 | D | C | B | B |
| 64 | C | B | B | B |
| 65 | C | B | B | A |
| 66 | B | B | A | D |
| 67 | B | B | C | A |
| 68 | A | D | B | C |
| 69 | D | C | A | D |
| 70 | B | B | C | B |
| 71 | D | A | D | D |
| 72 | C | C | B | C |
| 73 | B | D | D | A |
| 74 | A | B | C | B |
| 75 | C | D | A | A |
| 76 | D | C | B | D |
| 77 | B | A | A | B |
| 78 | D | B | D | D |
| 79 | C | A | B | C |
| 80 | A | D | D | B |
| 81 | B | C | X | C |
| 82 | A | C | D | D |
| 83 | C | D | C | D |
| 84 | C | D | B | A |
| 85 | A | B | A | A |
| 86 | C | X | C | B |
| 87 | C | D | D | A |
| 88 | D | C | D | C |
| 89 | D | B | A | C |
| 90 | B | A | A | A |
| 91 | X | C | B | C |
| 92 | D | D | A | C |
| 93 | C | D | C | D |
| 94 | B | A | C | D |
| 95 | A | A | A | B |
| 96 | C | B | C | X |
| 97 | D | A | C | D |
| 98 | D | C | D | C |
| 99 | A | C | D | B |
| 100 | A | A | B | A |

'X' denotes deletion

Approved For Publication
Sd/-
Section officer